**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.477 27.02.2018-ലെ മറുപടിയ്ക്ക്

**കായികനയം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| സംസ്ഥാനത്ത് പുതിയ കായികനയം രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | ഉണ്ട്. കേരളത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനവും നേട്ടങ്ങളും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ കായിക നയം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച ഒളിമ്പ്യന്മാർ, അർജ്ജുന അവാർഡ് ജേതാക്കൾ, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ എന്നിവർ പങ്കെടുത്ത ആദ്യ ശിൽപശാല 15.02.2018 ന് സംഘടിപ്പിച്ചിരുന്നു. കായിക മേഖലയിലെ വിദ്ഗ്ദ്ധരേയും വിവിധ കായിക അസോസിയേഷനുകളുടെ പ്രതിനിധികളെയും മറ്റും ഉൾപ്പെടുത്തി വീണ്ടും ശിൽപശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ശില്പശാലകളിൽ ഉടലെടുക്കുന്ന ആശയങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ചതിനു ശേഷം കായിക നയത്തിന് അന്തിമ രൂപം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**